LIBRARY ARCHIVES Kerala Legislative Assembly

കർഷക ആത്മഹത്യകൾ

17 (*137) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. അജിത് :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര കർഷക ആത്മഹത്യകളാണ് നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ആത്മഹത്യ ചെയ്ത കർഷകരുടെ ആശ്രിതർക്ക് നൽകിയ സമാശ്വാസ സഹായങ്ങൾ എന്തെല്ലാമെന്നറിയിക്കുമോ ;

(സി) കർഷക ആത്മഹത്യകൾ തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 58 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആത്മഹത്യ ചെയ്ത 37 കർഷകരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായമായി ആകെ 34,50,000 രൂപ നൽകിയിട്ടുണ്ട്.

(സി) കർഷക ആത്മഹത്യ തടയുന്നതിനും കർഷകരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- നെൽകർഷകരെ സഹായിക്കുന്നതിനായി കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കിലോയ്ക്ക് 19 രൂപ നിരക്കിൽ നെല്ല് സംഭരണം നടത്തുന്നുണ്ട്.

- നാളികേര കർഷകരെ വിലയിടിവിൽനിന്ന് രക്ഷിക്കുന്നതിനായി കേരഫെഡ് മുഖേന കിലോയ്ക്ക് 28 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

- പച്ചക്കറി കർഷകരെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുന്നതിനായി കർഷകരിൽനിന്നും ഹോർട്ടികോർപ്പ് (HORTICORP) പച്ചക്കറികൾ നേരിട്ട് സംഭരിക്കുന്നുണ്ട്.

- സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികളിലും ഉല്പന്നങ്ങൾ നേരിട്ട് വിൽക്കുന്നതിനുള്ള സൗകര്യം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

- കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകൾ യഥാസമയം വാണിജ്യ ബാങ്കുകളിൽനിന്നും ലഭിക്കുന്നതിന് കിസാൻ ക്രെഡിറ്റ് കാർഡ് നൽകുന്നുണ്ട്.

- പ്രകൃതിക്ഷോഭംമൂലം കൃഷിനാശം ഉണ്ടാകുന്ന കർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പരിരക്ഷ നൽകുന്നുണ്ട്.

- 60 വയസ്സ് പൂർത്തിയാക്കിയ ചെറുകിട നാമമാത്ര കർഷകർക്ക് കർഷക പെൻഷൻ നൽകുന്നുണ്ട്.

- സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കർഷക രജിസ്ട്രേഷൻ പൂർത്തിയാക്കി വരുന്നു. രജിസ്റ്റർ ചെയ്ത എല്ലാ കർഷകർക്കും വിവിധ കാർഷിക വികസന പദ്ധതികളിൽ അനുവദിക്കുന്ന ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ടുകൾവഴി ലഭ്യമാകുന്നതാണ്.

- സംസ്ഥാന കൃഷി വകുപ്പും ത്രിതല പഞ്ചായത്തും നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും സമയബന്ധിതമായി സാമ്പത്തിക സഹായം നൽകിവരുന്നു.

- കീടരോഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സമയബന്ധിതമായ കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾക്ക് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കൂടാതെ 2011-12-ൽ വയനാട് ജില്ലയിൽ കർഷക ആത്മഹത്യ കൂടുതലായി റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് വിവിധ പരിഹാര നടപടികൾ പ്രസ്തുത കാലയളവിൽ സ്വീകരിച്ചിരുന്നു.

അർബൻ 2020

18 (*138) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അർബൻ 2020 പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;